Page 1 of 3

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അസംബ്ലിയിൽ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് അതിന്റെ ഇംഗ്ലീഷ് വെർഷൻ മാത്രം ഇവിടെ അംഗങ്ങൾക്ക് കൊടുത്തപ്പോൾ ഇവിടെ അത് ഒരു ക്രമപ്രശ്ന മുന്നയിച്ചു. ആ ക്രമപ്രശ്നമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇപ്പോൾ നിങ്ങൾ അസംബ്ലി ഹാളിൽ നിന്ന് ഹോസ്റ്റലിൽ എത്തിച്ചേരുമ്പോൾ അവിടെ മലയാളം കോപ്പി കിട്ടുമെന്ന്. ഇവിടെ വായിച്ചതിനുശേഷമാണ് പ്രിന്റ് ചെയ്യാൻ കൊടുത്തതെങ്കിൽ സ്വാഭാവികമായും വൈകുന്നേരമേ കിട്ടുകയുള്ളൂ വെന്ന് അറിയാം. ഇതു അറിഞ്ഞുകൊണ്ടുതന്നെ മലയാളം വെർഷൻ കൊടു ത്തില്ല. എന്നാൽ ഇംഗ്ലീഷ് കോപ്പിയിൽ പ്രസ്സിന്റെ പേര് ഉൾപ്പെടുത്തിയില്ലെന്ന് പറഞ്ഞു. മലയാളത്തിലും പ്രസ്സിന്റെ പേര് ഇല്ല. ഈ പേരില്ലാത്ത കാര്യം വളരെ ഗൗരവമായിത്തന്നെ എടുക്കണം.

ശ്രീ. ജോണി നെല്ലൂർ : സർ, എറാറ്റത്തിലും പിശകുണ്ട്.

മി. സ്പീക്കർ : അതൊക്കെ പിന്നീട് പറയാം. ഇനി ഭാവിയിലുള്ള തെറ്റ് പിന്നെ പരിശോധിക്കാം. ഏത് ചർച്ചയ്ക്കും ഒരു രീതിയുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഉന്നയിച്ചതുപോലെ എറാറ്റത്തിൽ വല്ല പിശകും വന്നിട്ടുണ്ടെ ങ്കിൽ അതിന് ഞാൻ മറുപടി പ്രസംഗത്തിൽ മറുപടി പറയാം..........ബഹളം.......

# X. റൂളിംഗ്

## ബഡ്ജറ്റ് അവതരണത്തിനു ശേഷം എറാറ്റം ഇഷ്യു ചെയ്യുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : കഴിഞ്ഞ 18-ാം തീയതിയാണല്ലോ ബഡ്ജറ്റ് അവതരി പ്പിച്ചത്. ബഡ്ജറ്റ് പ്രസംഗത്തെ തുടർന്നുണ്ടായ കാര്യങ്ങളെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ഉയർന്നു വന്നിട്ടുള്ളത്. അന്നുതന്നെ, ബഡ്ജറ്റ് പ്രസന്റേഷൻ കഴിഞ്ഞയുടനേത്തന്നെ നമ്മുടെ ശ്രദ്ധയിൽപ്പെട്ട, അതിന്റെ മലയാളം കോപ്പി ലഭിച്ചില്ലെന്നുള്ള കാര്യങ്ങൾ മുതലാണ് ഇവിടെ സൂചിപ്പിച്ചത്. അതിനെ സംബന്ധിച്ച് ഉടൻതന്നെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഭാഗത്തു നിന്ന് കുറേ നടപടികൾ സ്വീകരിച്ചുവെങ്കിലും അവ ഫലപ്രദമായില്ല. അത് അദ്ദേഹം പറഞ്ഞുകഴിഞ്ഞു. ബഡ്ജറ്റ് പ്രസംഗം വിതരണം ചെയ്തശേഷം, വന്നുപോയ പിശകുകളെ സംബന്ധിച്ച് അദ്ദേഹം തന്നെ എന്നെ അറിയിച്ചി രുന്നു. പക്ഷെ ഇന്നാണ് അതിന് ഒരു സന്ദർഭം കിട്ടുന്നത്. സാധാരണ ബഡ്ജറ്റ് പ്രസംഗത്തെ സംബന്ധിച്ച് പറയുമ്പോൾ, വാസ്തവത്തിൽ ബഡ്ജറ്റ് പ്രസംഗമെന്ന് പറയുന്നത് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഓബ്ലിഗേഷൻ അല്ല. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റാണ്. അതാണ് കോൺസ്റ്റിറ്റ്യൂഷണലാ യിട്ട് ഇവിടെ വയ്ക്കുന്നത്. ഇതൊന്നുമില്ലാതെ ഒരു വാചകം പറഞ്ഞുകൊണ്ട് ഇത് നിയമസഭയിൽ മേശപ്പുറത്തുവയ്ക്കാം. പണ്ടുകാലത്തെ ചരിത്രം പരി ശോധിച്ചാൽ പനമ്പള്ളി ഗോവിന്ദമേനോൻ ധനകാര്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ഇത് പ്രസന്റ് ചെയ്തു കൊണ്ട്, അച്ചടിച്ച രേഖയില്ലാതെ, മുൻകൂട്ടി തയ്യാറാക്കിയ പ്രസംഗമില്ലാതെ ഓറലായിട്ട് ഇവിടെ ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. ഓറലായിട്ട് നടത്തുന്നതും പ്രസംഗമാണ്. എന്നാൽ നമ്മുടെ ഈ സഭയിൽ കഴിഞ്ഞ കുറേ കാലങ്ങളായി തുടർന്നു വരുന്ന ഒരു പ്രാക്ടീ സാണ് ബഡ്ജറ്റ് പ്രസംഗം. ഇപ്പോൾ ബഡ്ജറ്റ് പ്രസംഗമെന്ന് പറഞ്ഞാൽ വളരെ വളരെ സുതാര്യമാണ്. അദ്ദേഹം പ്രസംഗിക്കുന്ന സമയത്ത് ഈ നിയമ സഭയിൽ മാത്രമല്ല, ടെലിവിഷനിൽ കൂടി ജനങ്ങൾ മുഴുവൻ അത് കേൾക്കുക യാണ്. ഈ വർഷമാണെങ്കിൽ ആദ്യമായിട്ട് ആൾ ഇൻഡ്യാ റേഡിയോയും ലൈവ് ആയിട്ട് ബ്രോഡ്കാസ്റ്റ് ചെയ്തു. ഇത് വളരെ വളരെ സുതാര്യമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് പറയാൻ വേണ്ടി ഞാൻ പറഞ്ഞതാണ്. എന്നാൽ അതിനെ ബേസ് ചെയ്തുകൊണ്ട്, മലയാളത്തിലാണല്ലോ അദ്ദേഹം പ്രസംഗിച്ചത്, മലയാളത്തിലുള്ള പ്രസംഗത്തിന്റെ കോപ്പി ലഭിക്കുന്നതിൽ വന്നിട്ടുള്ള ഗൗരവമുള്ള വീഴ്ച, ചെറിയ വീഴ്ചയല്ലല്ലോ, ഗൗരവമുള്ള വീഴ്ചയെ സംബന്ധിച്ചാണ് നാം ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ ബഹുമാന്യനായ പി.പി. തങ്കച്ചൻ ഇവിടെ ഉന്നയിച്ചത് അതിന്റെ ആധികാരികതയെ സംബന്ധിച്ചാണ്, ആതന്റിസിറ്റിയെ സംബന്ധിച്ചാണ്. അതും ചെയർ വളരെ ഗൗരവമായിട്ടുതന്നെയാണ് കാണുന്നത്. കഴിഞ്ഞ കാലങ്ങളിലെ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം, ബഡ്ജറ്റ് പ്രസംഗങ്ങൾ മാത്രമല്ല, ബഡ്ജറ്റ് പ്രസംഗത്തോടൊപ്പം അതുപോലെ പ്രാധാന്യമുള്ള ഗവർണ്ണറുടെ നയപ്രഖ്യാപനമുണ്ടല്ലോ. അതൊക്കെ പരിശോധിച്ചപ്പോൾ ഒരു വർഷമാണ് പ്രസ്സിന്റെ പേര് വയ്ക്കാതെ ബഡ്ജറ്റ് പ്രസംഗം ഈ സഭയിൽ വിതരണം ചെയ്തിട്ടുള്ളത്. 1983-84 കാലത്ത് അന്നത്തെ പ്രസംഗത്തിൽ പ്രസ്സിന്റെ പേര് വയ്ക്കാതെയുള്ള കോപ്പി ഇവിടെ വിതരണം ചെയ്തിട്ടുണ്ട്. അതും ശരിയല്ല. ഇത് ശരിയാണെന്ന് ന്യായീകരിക്കാൻ പറയുകയല്ല. രേഖകൾ പരിശോധിച്ചപ്പോൾ ശ്രീ. കെ.എം. മാണി ധനകാര്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്സിന്റെ പേര് വയ്ക്കാതെ ഒരു വർഷം ഇവിടെ വിതരണം ചെയ്തിട്ടുണ്ട് എന്ന് കണ്ടു. അതും ശരിയല്ല. അങ്ങനെ ഒരു തവണ ഉണ്ടായിട്ടുണ്ട്. ............ബഹളം.........ഇത് ഒരു തുടർച്ചയാണ്. ഈ വർഷത്തെ കാര്യമല്ലല്ലോ? ഏത് പ്രസ്സിൽ അടിച്ചാലും അത് വേണമെന്നല്ലേ ഇവിടെ ഉന്നയിച്ചത്? Press and Registration of Book Act-ഉം Press Manual ഉം നമ്മുടെ മുന്നിലുണ്ട്. അദ്ദേഹം ആ ആക്ടിലെ പ്രസക്തഭാഗം ഇവിടെ ചൂണ്ടിക്കാണിച്ചു. അതിന്റെ അടിസ്ഥാനത്തിലല്ലാതെ, ആധികാരിക രേഖയെന്നുള്ള നിലയിൽ ഇത് നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഇപ്പോൾ നിയമസഭയ്ക്കും അതിൽ ഒരു എക്സംപ്ഷൻ ഇല്ല. നിയമസഭയിൽ മറ്റു പല കാര്യങ്ങൾക്കും പ്രിവിലേജ് ഉണ്ടെങ്കിലും ഈ കാര്യത്തിൽ ഇല്ല. അതിന്റെ ആതന്റിസിറ്റിയെ സംബന്ധിച്ച് നാം തുടർന്നു വരുന്ന പ്രാക്ടീസ് അതാണ്. അത് ഉണ്ടാകേണ്ടതാണ്. അത് സംഭവിച്ചു പോയിയെന്ന് അദ്ദേഹം പറഞ്ഞു. അത് സംഭവിച്ചുപോയതു സംബന്ധിച്ച് വളരെ വിശദമായിട്ടു തന്നെ അദ്ദേഹം സൂചിപ്പിച്ചു. അതിൽ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. അത് വാസ്തവത്തിൽ ഇനി ആവർത്തിക്കാൻ പാടുള്ളതല്ല. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിൽ ആരൊക്കെയാണ് ഉത്തരവാദികൾ എന്നുള്ളതു സംബന്ധിച്ച്, കാരണം, ആവർത്തിക്കാൻ പാടുള്ളതല്ലെന്ന് പറഞ്ഞ് ഭംഗിവാക്ക് പറഞ്ഞാൽ പോരല്ലോ, ഇത് ഉറപ്പുവരുത്താനുള്ള നടപടി ബഹുമാന്യനായ ധനകാര്യ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ചെയർ അറിയിക്കുകയാണ്. അതുണ്ടാകണം. ഉണ്ടാകുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. പിന്നെ കറക്ഷൻസ് ഉണ്ടാകും. സാധാരണ കറക്ഷനെ സംബന്ധിച്ച് ഇവിടെ തുടർന്നുവരുന്ന പ്രാക്ടീസ് നമുക്ക് എല്ലാവർക്കും അറിയാം. മന്ത്രിമാരുടെ സ്റ്റേറ്റുമെന്റുകളായാലും ചോദ്യങ്ങളായാലും ഉത്തരങ്ങളായായലും. ............... ശ്രീ. ഇ.എം. അഗസ്തി ഇവിടെ ചോദിച്ചു അങ്ങനെ വിതരണം ചെയ്യാനൊക്കുകയില്ല. മുൻകൂട്ടിയുള്ള ചെയറിന്റെ അനുവാദത്തോടുകൂടി സഭയിൽ അതിനുള്ള അവകാശമുണ്ട്. മുൻകൂട്ടി ചെയറിന്റെ അനുവാദം വാങ്ങിക്കൊണ്ട് ഇവിടെ കറക്ഷൻ നടത്തുകയാണ് കീഴ്വഴക്കം. ഇപ്പോഴും അതാണ്. ശ്രീ. ടി.എം. ജേക്കബ് ഇവിടെ സൂചിപ്പിച്ചു, എറാറ്റം വന്നിട്ടില്ല. 1987-ൽ ഒരു കറക്ഷൻ വന്നിട്ടുണ്ട്. ശ്രീ. വിശ്വനാഥമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഭാഗമായി ഒരിക്കൽ വന്നിട്ടുണ്ട്. അല്ലാതെ വന്നിട്ടില്ല എന്നുള്ളതു വസ്തുതയാണ്. അതു വച്ചു കൊണ്ട് കറക്ഷനെ സംബന്ധിച്ച് വന്ന കാര്യങ്ങൾ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അതിൽ അക്ഷരത്തെറ്റുകൾ മാത്രമല്ല സബ്സ്റ്റാൻഷ്യൽ മെറ്റീരിയൽ കറക്ഷൻസ്, ഫാക്ച്ചലായി ഒക്കെ വന്നിട്ടുള്ള കറ

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 3

ക്ഷൻസുണ്ട്. അതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ചെയർ അത് പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെയർ പരിശോധിച്ചുകൊണ്ട് തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മുൻകൂട്ടി തയ്യാറാക്കി തന്ന എറാറ്റവും അദ്ദേഹത്തിന്റെ നോട്ടീസും പരിശോധിച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിലൊന്നും ഇങ്ങനെ ഉണ്ടായിട്ടില്ല എങ്കിലും വന്നുപോയ വീഴ്ചയിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം ഇവിടെ നടത്തിയ പ്രസ്താവന ഉൾപ്പെടെ പുറപ്പെടുവിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചെയർ അതു സ്വീകരിക്കുകയാണ്. ഇനിയുള്ള കറക്ഷൻസ് ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കാം. ഇപ്പോൾ സഭയുടെ മുൻപിൽ വന്നിട്ടുള്ള കറക്ഷനെ സംബന്ധിച്ച് മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. അതു വച്ച് ചെയർ അതു സ്വീകരിക്കുകയാണ്. മറ്റുള്ള കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് അതാതു സന്ദർഭങ്ങളിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതൊരു കീഴ്വഴക്കമല്ലല്ലോ. ഇത് മേലിൽ ആവർത്തിക്കാതിരിക്കാനുള്ള ഒരു മുൻകരുതൽ നടപടി എന്നുള്ള നിലയിൽ ഇതു സ്വീകരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഇത് ക്ലോസ് ചെയ്യുകയാണ്.

# IX. ധനകാര്യം

## 1999-2000 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (<u>ശ്രീ. സി.എ. കുര്യൻ</u>) : ബഹുമാനപ്പെട്ട സ്പീക്കർ സർ, 1999-2000 വർഷത്തേയ്ക്ക് ഈ സഭയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. അദ്ദേഹം ബഡ്ജറ്റിൽ എടുത്തുപറഞ്ഞതുപോലെ നാം ഒരു പുതിയ നൂറ്റാണ്ടിലേക്ക് കാലൂന്നിയിരിക്കുകയാണ്.20-ാം നൂറ്റാണ്ടിലെ ചില സംഭവങ്ങൾ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 20-ാം നൂറ്റാണ്ട് ലോകത്ത് ഒട്ടാകെ പല മാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1917-ൽ സോവിയറ്റ് യൂണിയനിൽ നടന്ന വിപ്ലവം ലോകത്തിലെ അദ്ധ്വാനിക്കുന്ന ജനതയ്ക്ക് ആവേശം നൽകിയിരിക്കുന്നു. ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം, ഇന്ത്യയിലും ചൈനയിലും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം-ഇതൊക്കെ 20-ാം നൂറ്റാണ്ടിൽ തിളങ്ങി നിന്ന സംഭവങ്ങളാണ്. മഹത്തായ ചൈനയും മഹത്തായ ഇന്ത്യയും ഈ കാലഘട്ടത്തിലാണ് സ്വാതന്ത്ര്യം നേടിയത്. എന്നാൽ ഈ 20-ാം നൂറ്റാണ്ടിൽത്തന്നെ സോവിയറ്റു യൂണിയന്റെ തകർച്ച നാം കണ്ടു. ഇത് ലോകത്തൊട്ടാകെയുള്ള സ്വതന്ത്ര രാജ്യങ്ങളേയും ജനാധിപത്യ വാദികളേയും ദുഃഖത്തിലാഴ്ത്തിയ സംഭവമാണ്. 1991-ൽ ഇന്ത്യാ രാജ്യം പുതിയ സാമ്പത്തിക നയം അംഗീകരിച്ചു. സോവിയറ്റു യൂണിയന്റെ അഭാവത്തിൽ സാമ്രാജ്യശക്തികൾ ഭാരതത്തെ സ്വാധീനിച്ചു. നമ്മുടെ രാജ്യത്തിന്റെ എല്ലാ മേഖലയിലും അപകടം പിടിച്ച, വിഷം വിതറിയ, സാമ്പത്തിക നയം സ്വീകരിക്കുവാൻ അന്നത്തെ ഭരണാധികാരികൾ നിർബന്ധിതരായി. അങ്ങനെ 1991 മുതൽ സ്വീകരിച്ച സാമ്പത്തിക നയത്തിന്റെ ഫലമായി ഇന്ത്യാരാജ്യത്ത് കാർഷിക രംഗത്ത്, തൊഴിൽ രംഗത്ത്, സാംസ്കാരിക രംഗത്ത് വ്യവസായമേഖല തുടങ്ങിയ എല്ലാ രംഗത്തും നാം വിഷമതകൾ അനുഭവിക്കുന്നു. നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമങ്ങൾ വർണ്ണനാതീതമാണ്. ഇന്ത്യാ രാജ്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ എല്ലാ രംഗത്തും വ്യാപിച്ചു. അതിൽനിന്ന് മാറിനിൽക്കാൻ നമുക്ക് കഴിയില്ല. കേരളം ഇന്ത്യയുടെ ഭാഗമായ



LIBRARY ARCHIVES Kerala Legislative Assembly